# കുതിച്ച് ഉയർന്ന് മിഷൻ 1000 പദ്ധതിയും



എസ്. ഹരി കിഷോർ ഐ.എ.എസ്

സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദത്തിന് ഊർജ്ജം പകരാൻ സംരംഭങ്ങളെ കൈപിടിച്ചുയർത്തുന്ന മിഷൻ 1000 പദ്ധതിക്ക് തുടക്കമിട്ടത് കേരളത്തിന്റെ വ്യവസായിക വളർച്ചയിലെ മറ്റൊരു മികച്ച വിജയമാണ്. 100 കോടി ശരാശരി വിറ്റുവരവുള്ള 1000 സംരംഭങ്ങളെ കേരളത്തിലുണ്ടാക്കുമെന്ന സർക്കാരിന്റെ ഉറപ്പാണ് പദ്ധതിയിലൂടെ അടുത്തഘട്ടത്തിലേക്ക് കടക്കുന്നത്.

2022-23 സംരംഭക വർഷമായി ആചരിക്കുകയും കൂടുതൽ സംരംഭങ്ങൾ സ്ഥാപിച്ചും തൊഴിലും നിക്ഷേപവും വർദ്ധിപ്പിച്ചും സംരംഭക വർഷം പദ്ധതി രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി മാറുകയും ചെയ്തിരുന്നു അതിന്റെ തുടർച്ചയായി വ്യവസായ വകുപ്പ് 2023-24 വർഷം ശരിയായ ആസൂത്രണത്തിലൂടെ കൂടുതൽ ഫണ്ടിങ്ങിലൂടെ നിലവിലുള്ള സംരംഭങ്ങളുടെ ഉല്പാദനം, സാങ്കേതിക വിദ്യ, വില്പന, തൊഴിൽ എന്നിവ ഉയർത്തി സംരംഭങ്ങളുടെ സ്കെയിലപ്പിന് പ്രാധാന്യം നല്കുകയും ചെയ്തു. ഇത്തരത്തിലുള്ള മാറ്റത്തിന് കൂടുതൽ ഊർജ്ജവും വേഗതയും നല്കുന്ന പദ്ധതികളുമായാണ് വ്യവസായ വകുപ്പും സർക്കാരും കരുതലോടൊപ്പം നില്ക്കുന്നത്.

കേരളത്തിലെ എം.എസ്.എം.ഇ. കളിൽ നിന്നും തെരഞ്ഞെടുത്ത 1000 എം.എസ്.എം.ഇ. കളെ 4 വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയായ മിഷൻ 1000 വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ. കളെ സ്കെയിൽ അപ്പ് സ്കീമിനായി തെരഞ്ഞെടുക്കുന്നത്. ആദ്യ പടിയായി തെരഞ്ഞെടുക്കപ്പെട്ട 88 സംരംഭത്തിന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ഓഫർലെറ്റർ വിതരണം ചെയ്തു. 250 എണ്ണം കൂടി പരിഗണിക്കുമെന്നും യൂണിറ്റുകളെ സഹായിക്കാൻ വകുപ്പിൽ നിന്ന് ഉദ്യോഗസ്ഥരെ നിയമിക്കുമെന്നും അദ്ദേഹം ഉറപ്പ് നല്കി.

തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയിലൂടെ വിവിധ ആനുകൂല്യങ്ങളാണ് നല്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾക്ക് 2 കോടി രൂപ വരെ മൂലധന നിക്ഷേപ സബ്സിഡി 40 ശതമാനം വരെ ലഭ്യമാക്കും. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50 ശതമാനം വരെ പലിശ ഇളവും (50 ലക്ഷം രൂപ വരെ) നല്കും. യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം ഒരു സംരംഭത്തിന് ഒരു ലക്ഷം രൂപ വരെയുമായിരിക്കും. തെരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിങ് അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ സഹായിക്കാൻ വ്യവസായ വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥനേയും നിയമിക്കും.

മിഷൻ 1000 ന്റെ ഭാഗമായി വിപുലീകരിക്കുന്ന എം.എസ്.എം. ഇ. കൾക്ക് ഉദ്യം രജിസ്ട്രേഷനോടെ കേരളത്തിൽ രജിസ്റ്റർ ചെയ്തവയും 2023 മാർച്ച് 31 വരെ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും പ്രവർത്തനം പൂർത്തികരിച്ചവയുമായിരിക്കണം. കൂടാതെ നിർമ്മാണ, സേവന മേഖലയിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവയും ആയിരിക്കണം.

തെരഞ്ഞെടുക്കപ്പെട്ട എം.എസ്. എം.ഇ.കൾക്ക് അപേക്ഷിക്കാനുള്ള www.mission1000.industry.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ ആരംഭിച്ചത് 2023 ഏപ്രിൽ 10 നാണ്. ഓൺലൈൻ പോർട്ടലിൽ രജിസ്ട്രേഷന് സമർപ്പിച്ച അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യതയും സമർപ്പിച്ച അനുബന്ധ രേഖകളും ബന്ധപ്പെട്ട ഐ.ഇ.ഒ., എ.ഡി.ഐ.ഒ, ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ തുടങ്ങിയവർ പരിശോധിക്കുകയും പരിശോധിച്ച അപേക്ഷകളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ബന്ധപ്പെട്ട ജനറൽ മാനേജർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കൈമാറുകയും ചെയ്തു. നിക്ഷേപങ്ങൾ, വാർഷിക വിറ്റുവരവുകൾ, ലാഭം, ശേഷി, വിനിയോഗം, കയറ്റുമതി, ജീവനക്കാർ, പ്രമോർട്ടർമാരുടെ സിബിൽ സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ, ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയ പോർട്ടലിൽ എം.എസ്.എം.ഇ. കൾക്ക് സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ഒരു സ്കോറിങ് മാനദണ്ഡം ഉപയോഗിച്ച് എം.എസ്.എം.ഇ. കളെ റാങ്ക് ചെയ്യുകയും ചെയ്തു.

എന്റെ സംരംഭം നാടിന്റെ അഭിമാനം

ഇതുവരെ ലഭിച്ച അപേക്ഷകളിൽ നിന്നും എല്ലാ രേഖകളും സഹിതം സമർപ്പിച്ച 152 അപേക്ഷകളാണ് മിഷൻ 1000 ലേക്ക് പരിഗണിക്കാനായി 2023 ഡിസംബർ 21 ന് ചേർന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അംഗീകാര കമ്മിറ്റി (എസ്.എൽ.എ.സി) നിർദ്ദേശിച്ചിരുന്നത്. കൃത്യമായ പരിശോധനകൾക്കു ശേഷമാണ് 152 അപേക്ഷകൾ പദ്ധതിയുടെ ആദ്യ ബാച്ചിലേക്ക് തെരഞ്ഞെടുക്കാൻ കമ്മിറ്റി തീരുമാനിച്ചത്. ലഭിച്ച 152 അപേക്ഷകളിൽ 60 മാർക്കോ അതിനു മുകളിൽ മാർക്ക് ലഭിച്ച 88 അപേക്ഷകൾക്ക് എസ്.എൽ.എ.സി. അംഗീകാരം നല്കുകയും ചെയ്തു.

പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ട സംരംഭങ്ങൾ സംസ്ഥാന സർക്കാർ എംപാനൽ ചെയ്ത ഏതെങ്കിലും കൺസൾട്ടന്റിന്റെ സഹായത്തോടെ സ്കെയിൽ അപ്പിനായി ഡി.പി.ആർ. തയ്യാറാക്കണം. ഈ ജി.പി.ആറിന്റെ അടിസ്ഥാനത്തിലാണ് സ്കെയിൽ അപ്പ് പദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുന്നത്. അടുത്ത ബാച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള മിഷൻ 1000 ഓൺലൈൻ പോർട്ടൽ വീണ്ടും തുറന്നിട്ടുണ്ട്. അപേക്ഷകർക്ക് **www.mission1000.industry.kerala.gov.in** എന്ന ലിങ്കിൽ കയറി അപേക്ഷിക്കാവുന്നതാണ്. കൂടാതെ മിഷൻ 1000 ഭാഗമായി നിശ്ചയിച്ചിട്ടുള്ള സബ്സിഡികൾക്ക് അപേക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോർട്ടലും ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

കേരളത്തിലെ എം.എസ്.എം.ഇ. കൾക്ക് അവരുടെ ബിസിനസിൽ മികച്ച വളർച്ച കൈവരിക്കാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലെത്താനുമുള്ള അതുല്യമായ അവസരമാണ് പദ്ധതിയിലൂടെ ലഭ്യമാകുക. സുതാര്യമായ സംവിധാനത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് മിഷൻ 1000 ലൂടെ വിവിധ പ്രോത്സാഹനങ്ങൾ നല്കുക വഴി ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാനും സംസ്ഥാനത്തെ സംരംഭങ്ങൾക്കുള്ള വളർച്ചയ്ക്ക് ആക്കം കൂട്ടാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു. ■

## സംരംഭക വർഷം 2.0

# മിഷൻ 1000

വ്യവസായ വാണിജ്യ വകുപ്പ്
ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി.
എം.ഡി. ആണ് ലേഖകൻ